**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **26-07-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കോട്ടക്കുന്ന് ടൂറിസം കേന്ദ്രത്തിൽ മണ്ണിടിച്ചിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കോട്ടക്കുന്ന് ടൂറിസം കേന്ദ്രത്തിൽ വിനോദ സഞ്ചാരികളുടെയും പരിസര വാസികളുടെയും ജീവന് അപകടകരമായ തരത്തിലുണ്ടായിട്ടുള്ള മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കോട്ടക്കുന്നിൽ പാർക്കിലും പരി സര പ്രദേശങ്ങളിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായ സാഹചര്യത്തിൽ 2/9/2019 ന് ചേർന്ന ഡിടിപിസി എക്സി ക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്ര കാരം കോട്ടക്കുന്നിൽ പാർക്കിലും പരിസരപ്രദേശങ്ങളിലും ശാസ്ത്രീയപഠനം നടത്തുന്നതിന് സെൻറർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെൻറ് എന്ന ഏജൻസിയെ നിയോഗിച്ചു. ആയതുപ്രകാരം പ്രസ്തുത ഏജൻസിവിശദമായ പഠനം നടത്തി, ഉരുൾപൊട്ടലുണ്ടായതിന്റെ കാരണങ്ങളും,പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളുംഉൾപ്പെടുത്തിയ റിപ്പോർട്ട് (പ്രസൻറേഷൻ സഹിതം) 14/1/2020 ന് ജില്ലാകലക്ടറുടെഅദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സമർപ്പിച്ചു. ഇതുമായി ബന്ധപെട്ട തുടർപ്രവർത്തികൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെൻറർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെൻറിന് കത്ത് നൽകിയതുപ്രകാരം സ്ട്രക്ചറൽ സർവ്വേ നടത്തി ആവശ്യമായ പ്രവൃത്തികൾ ചെയ്യേണ്ടതാണെന്നും, ഏകദേശം 3 കോടി രൂപ ചെലവ് വരുമെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രവർത്തി കോട്ടക്കു ന്ന് പാർക്കിൽ മാത്രമല്ല അനുബന്ധ പ്രദേശങ്ങളിലും ഡ്രൈനേജ് അടക്കമുള്ള പ്രവർത്തികൾ ഉൾപ്പെടുത്തി ചെയ്യേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം27/4/2020-ന് മലപ്പുറം മുൻസിപ്പൽ സെക്രട്ടറിക്ക് വിശദമായ ശാസ്ത്രീയറിപ്പോർട്ട് നൽകുകയും റിപ്പോർട്ട് പ്രകാരം തുടർപ്രവർത്തികൾക്കാ യുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 2020ൽ മഴക്കാലത്തിന് മുന്നോടിയായി അപകട സാധ്യതയുള്ള ഡിടിപിസിയുടെ സ്ഥലത്ത് മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ മുളകൾ |

| | | | |
|---|---|---|---|
| | | | വെച്ച് പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ മണ്ണിടിച്ചിലിനു ശേഷം കോട്ടക്കുന്ന് പാർക്കിലെ മഴക്കുഴി മണ്ണിട്ട് നികത്തുകയും ചെയ്തു.അതിനു സമീപത്ത് കൂടി മണ്ണ് മൂടികിടന്ന ഓവുചാൽ പുതുക്കി നിർമ്മിച്ചിട്ടുണ്ട്. തെക്ക് കിഴക്ക ഭാഗത്ത് കുതിച്ചൊഴുകിയിരുന്ന മഴ വെള്ളം വരമ്പ് നിർമ്മിച്ച് ഒഴുകി പോവുന്ന തിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താഴെ പ്രധാന തോട്ടങ്ങളിലെ മൺതിട്ടകൾ പൊളിച്ചുമാറ്റി വെള്ളം തടഞ്ഞു നിർത്തുന്നത് ഒഴിവാക്കുകയും മുൻകാലങ്ങളിൽ വെള്ളം ഒഴുകി പോവുന്നതിന് നിർമ്മിച്ച പൈപ്പുകൾ അറ്റകുറ്റ പണികൾ ചെയ്തിട്ടുമുണ്ട്. |
| (ബി) | മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ ; | (ബി) | സെൻറർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെൻറ് സമർപ്പിച്ച ശാസ്ത്രീയ പഠന റിപ്പോർട്ട് പ്രകാരം സ്ട്രക്ചറൽ എഞ്ചിനീയറുടെ നേതൃത്വ ത്തിൽ സർവ്വേ നടത്തി തുടർ പ്രവൃത്തികൾ ചെയ്യേണ്ടതാണെന്നും, ഇതിന് ഏകദേശം 3 കോടിക്ക് മേൽ തുക ആവശ്യമായി വരുമെന്നും കണക്കാക്കിയിട്ടുണ്ട്. |
| (സി) | ചരിത്ര പ്രാധാന്യമുള്ള കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നത്തിന് കൂടുതൽ ടൂറിസം പദ്ധതികൾ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ